# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 420 – 29/10/2019 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി അടങ്കൽ തുക

ചോദ്യം

ഉത്തരം

ശ്രീ.കെ.ജെ. മാക്സി

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | നടപ്പുവർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി അടങ്കൽ തുക എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ; | നടപ്പുവർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി അടങ്കൽ തുക 30,610 കോടി രൂപയാണ്. |
| (ബി) | നാളിതുവരെ എത്ര കോടി രൂപ വിവിധ വകുപ്പുകൾ ഇതിനോടകം ചെലവഴിച്ചു; അടങ്കൽ തുകയുടെ എത്ര ശതമാനം; വ്യക്തമാക്കുമോ; | 24/10/2019-ലെ കണക്കനുസരിച്ച് വിവിധ വകുപ്പുകൾ ആകെ 10,883.85 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് വാർഷിക പദ്ധതി അടങ്കൽ തുകയുടെ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേത് ഒഴികെ) 47.1 % ആണ്. |
| (സി) | കടമെടുപ്പിന് കേന്ദ്രം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്താലും 2019-ലെ പ്രളയവും ഉരുൾപൊട്ടലും മൂലവും നടപ്പുവർഷത്തെ വാർഷിക പദ്ധതി അടങ്കൽ തുക വെട്ടിച്ചുരുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | കടമെടുപ്പിന് കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും 2019-ലെ പ്രളയവും ഉരുൾപ്പൊട്ടലും കാരണം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉളവാക്കിയിട്ടുള്ള ആഘാതത്തിന്റെയും പശ്ചാത്തലത്തിൽ, അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിക്കൊണ്ട് സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവിനത്തിൽ ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

| | | |
|---|---|---|
| (ഡി) | കടമെടുപ്പിന് കേന്ദ്രത്തിൽ നിന്നുള്ള നിയന്ത്രണത്തിൽ ഇളവു കിട്ടുകയാണെങ്കിൽ നടപ്പുവർഷം എത്ര കോടി രൂപയാണ് കടമെടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ നിലവിൽ അനുവദിച്ചിരിക്കുന്ന കടമെടുപ്പ് പരിധിയിൽ ഇളവ് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ, കേന്ദ്രസർക്കാരിൽ നിന്നും ഇതുവരെ അനുകൂലമായ പ്രതികരണമൊന്നും ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**